പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 212 30-11-2015 - ൽ മറുപടിയ്ക്ക്

**തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ഗുരുദാസൻ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി** |
| എ) | കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ; | എ) | മത്സ്യഫെഡ് വഴിയാണ് ടി പദ്ധതി നടപ്പാക്കുന്നത്. കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നും മത്സ്യഫെഡിന് കൈമാറ്റം ചെയ്തിട്ടു ണ്ട്. അതനുസരിച്ച് ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ എൻ. ഒ. സി ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളായ റവന്യൂ, ഫയർ ഫോഴ്സ്, പൊതുമരാമത്ത് വകുപ്പ്, പോലീസ് എന്നിവിടങ്ങളിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലത്തിന് ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റ് സാങ്കേതികമായ തടസ്സം അറിയിച്ചതിനാൽ അടുത്തുള്ള മറ്റൊരു സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ചു നൽ കിയിട്ടു ണ്ട്. അതനുസരിച്ച് നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ എൻ.ഒ.സി ലഭ്യമാക്കുന്നതിന് വീണ്ടും ബന്ധപ്പെട്ട വകുപ്പുകളിൽ അപേക്ഷ നൽകുകയും അവ ഉടൻ ലഭ്യമാക്കുന്നതുമാണെന്നും, എൻ.ഒ.സി, പ്രാഥമിക എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ലഭ്യമാകുന്നതനുസരിച്ച് ഉടൻ M/s. IOCL ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| ബി) | ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | ബി) | മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള എൻ.ഒ.സി ലഭിക്കുന്നതിന് വേണ്ടി റവന്യൂ, ഫയർഫോഴ്സ്, പൊതുമരാമത്ത് വകുപ്പ്, പോലീസ് എന്നിവിടങ്ങളിൽ അപേക്ഷ നൽകിയതനുസരിച്ച് പരിശോധന പൂർത്തിയായിട്ടു ണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം അഡീഷണൽ ജില്ലാ |

| | | | |
|---|---|---|---|
| | | | മജിസ്ട്രേറ്റിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ബങ്ക് എന്നത്തേയ്ക്കു സ്ഥാപിക്കാനാകും എന്നറിയിക്കാമോ? | സി) | എൻ.ഒ.സി ലഭിച്ച് നിർമ്മാണ പ്രവർത്തനം **പൂർത്തിയാക്കാനായി രണ്ട് മാസത്തോളം വേണ്ടി വരും. ഫെബ്രുവരി 2016 ൽ ബങ്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.** |

**സെക്ഷൻ ഓഫീസർ**